**കേരള സർക്കാർ**

**സംഗ്രഹം**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പിലെ റേഡിയോഗ്രാഫർ, എക്സറേ ടെക്നീഷ്യൻ തസ്തികകൾ സംയോജിപ്പിച്ച് - ഉത്തരവാകുന്നു.**

---

## ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്

സ.ഉ (ആർ.റ്റി) നം. 4815/2010/ആകുവ തീയതി, തിരുവനന്തപുരം,07.12.2010.

---

പരാമർശം: 1. സ.ഉ. (എം.എസ്) നം.15/05/ആകുവ തീയതി 13.01.2005.
2. ജി.ഒ.(എം.എസ്) നം.20/05/ആകുവ തീയതി 18.01.2005.
3 ആരോഗ്യവകുപ്പ് ഡയറക്ടറുടെ 23.11.09-ലെ ഇ.എഫ്2- 20495/09/ആവഡ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1), (2) എന്നിവയിലെ ഉത്തരവുകൾ പ്രകാരം ആരോഗ്യവകുപ്പിലെ റേഡിയോഗ്രാഫർ ഗ്രേഡ് - II, എക്സറേ ടെക്നീഷ്യൻ ഗ്രേഡ്- II എന്നീ തസ്തികകളിലേക്കുള്ള നിയമനരീതിയും യോഗ്യതയും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഈ തസ്തികകൾ സമാന സ്വഭാവമുള്ളവയായതിനാൽ പ്രസ്തുത തസ്തികകൾ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും സംഘടനാ പ്രതിനിധികളുമായും ചർച്ച ചെയ്യുകയുണ്ടായി.

2) വിശദമായ പരിശോധനയ്ക്കുശേഷം നിലവിലുള്ള റേഡിയോഗ്രാഫർമാരുടെ പ്രമോഷനെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ റേഡിയോഗ്രാഫർ, എക്സറേ ടെക്നീഷ്യൻ എന്നീ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് 'റേഡിയോഗ്രാഫർ' എന്ന ഒറ്റ തസ്തികയായി പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജി. സുരേഷ്കുമാർ
അഡീഷണൽ സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. ഇ.എഫ്3 - 2942/19/ആവഡ തീ: 6/3/2019

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ലഭ്യമാക്കുന്നു.

6/3/19

ആവഡയ്ക്കുവേണ്ടി.

സ്വീകർത്താവ്